ALL INDIA RADIO THIRUVANANTHAPURAM

# ആകാശവാണി, തിരുവനന്തപുരം
# പ്രാദേശിക വാർത്തകൾ

**TIME: 6.30 PM** **DATE:26.11.2024**

## പ്രധാനവാർത്തകൾ

1) ഭരണഘടനാ ദിനത്തോടനുബന്ധിച്ച് നാടെങ്ങും വിപുലമായ ആഘോഷ പരിപാടികൾ. രാജ്യത്തിൻറെ വർത്തമാനകാലത്തേക്കും, ഭാവിയിലേക്കുമുള്ള മാർഗ്ഗരേഖയാണ് ഭരണഘടനയെന്ന് പ്രധാനമന്ത്രി നരേന്ദ്രമോദി.

2) രാജ്യത്ത് സാമൂഹ്യനീതിയും, സമഗ്ര വികസനവും ഇന്ത്യൻ ഭരണഘടന ഉറപ്പുവരുത്തുന്നതായി രാഷ്ട്രപതി ദ്രൗപദി മുർമു.

3) എഡിഎം നവീൻ ബാബുവിൻറെ മരണത്തിൽ സിബിഐ അന്വേഷണം ആവശ്യപ്പെട്ട് കുടുംബം ഹൈക്കോടതിയിൽ ഹർജി നൽകി .

4) വയനാട്ടിൽ പൊളിച്ച് മാറ്റിയ ആദിവാസി കുടിലുകൾക്ക് പകരം പുതിയ കുടിലുകൾ കെട്ടി വനംവകുപ്പ്. സംഭവത്തിൽ മനുഷ്യാവകാശ കമ്മീഷൻ സ്വമേധയാ കേസെടുത്തു.

5) സംസ്ഥാനത്ത് ഒറ്റപ്പെട്ട ശക്തമായ മഴയ്ക്ക് സാധ്യതയെന്ന് കേന്ദ്ര കാലാവസ്ഥാ വകുപ്പ്. ഇന്ന് എട്ട് ജില്ലകളിൽ മഞ്ഞ ജാഗ്രത.

&&&&&&&&&&&&&&&

RNU TVPM

## ഹെഡ് ലൈൻ - 1

### പ്രധാനമന്ത്രി ഭരണഘടന ഇൻട്രോ

രാജ്യത്തിൻറെ വർത്തമാനകാലത്തേക്കും, ഭാവിയിലേക്കുമുള്ള മാർഗ്ഗരേഖയാണ് ഭരണഘടനയെന്ന് പ്രധാനമന്ത്രി നരേന്ദ്രമോദി. ഭരണഘടനാ ദിനാചരണത്തോടനുബന്ധിച്ച് സുപ്രീം കോടതിയിൽ നടന്ന പരിപാടിയെ അഭിസംബോധന ചെയ്യുകയായിരുന്നു അദ്ദേഹം. രാജ്യത്തെ ജനങ്ങൾക്ക് നിയമപരിഷ്ക്കരണത്തിലൂടെ അതിവേഗ നീതി ഉറപ്പുവരുത്താൻ കേന്ദ്രസർക്കാർ നടപടി സ്വീകരിച്ചതായും പ്രധാനമന്ത്രി പറഞ്ഞു. വികസിത ഇന്ത്യ നിർമിക്കുക എന്നതാണ് ഇന്ത്യൻ ജനതയുടെ ഏറ്റവും വലിയ ലക്ഷ്യമെന്നും അദ്ദേഹം ചൂണ്ടിക്കാട്ടി.

(ഹോൾഡ്)

ഇന്ത്യൻ ജുഡീഷ്യറിയുടെ 2023-24 വാർഷിക റിപ്പോർട്ടും പ്രധാനമന്ത്രി ചടങ്ങിൽ പ്രകാശനം ചെയ്തു. കേന്ദ്ര നിയമമന്ത്രി അർജുൻ റാം മേഘ്വാൾ, ചീഫ് ജസ്റ്റിസ് സഞ്ജീവ് ഖന്ന, സുപ്രീം കോടതിയിലെ മറ്റ് ജഡ്ജിമാർ തുടങ്ങിയവർ ചടങ്ങിൽ സന്നിഹിതരായി.

RNUTVPM

&&&&&&&&&&&&&&&

## ഹെഡ് ലൈൻ - 2

### ഭരണഘടനാ ദിനം

രാജ്യത്ത് സാമൂഹ്യനീതിയും, സമഗ്ര വികസനവും ഇന്ത്യൻ ഭരണഘടന ഉറപ്പുവരുത്തുന്നതായി രാഷ്ട്രപതി ദ്രൗപദി മുർമു. ഭരണഘടനാ ദിനത്തോടനുബന്ധിച്ച് ന്യൂഡൽഹിയിലെ സംവിധാൻ ഭവനിൽ നടന്ന ആഘോഷച്ചടങ്ങിൽ പാർലമെൻറ് അംഗങ്ങളെ അഭിസംബോധന ചെയ്യുകയായിരുന്നു രാഷ്ട്രപതി. ഉപരാഷ്ട്രപതി ജഗ്ദീപ് ധൻകർ, പ്രധാനമന്ത്രി നരേന്ദ്ര മോദി, ലോക്സഭാ സ്പീക്കർ ഓം ബിർള , കേന്ദ്ര മന്ത്രിമാർ, പാർലമെൻറ് പ്രതിപക്ഷ നേതാക്കൾ

തുടങ്ങിയവരും ചടങ്ങിൽ സന്നിഹിതരായി. ഭരണഘടന അംഗീകരിച്ചതിന്റെ 75 -ാംാം വാർഷികത്തോടനുബന്ധിച്ച് ഒരു വർഷം നീളുന്ന ആഘോഷ പരിപാടികൾക്കാണ് ഇന്ന് തുടക്കമായത്. ഹമാരാ സംവിധാൻ, ഹമാരാ സ്വാഭിമാൻ എന്ന പേരിൽ വിപുലമായ പ്രചാരണ പരിപാടികളാണ് ഇതോടനുബന്ധിച്ച് രാജ്യത്ത് സംഘടിപ്പിക്കുന്നത്.

&&&&&&&&&&&&&&&

## ഭരണഘടനാ ദിനം- സംസ്ഥാനം

ഭരണഘടനാ ദിനത്തോടനുബന്ധിച്ച് സംസ്ഥാനത്തും വിപുലമായ പരിപാടികൾ നടന്നു. നെഹ്റു യുവ കേന്ദ്രയുടെ ആഭിമുഖ്യത്തിൽ തിരുവനന്തപുരം കവടിയാറിൽ നിന്ന് നിയമസഭാ പരിസരത്തേക്ക് 500-ഓളം യുവ ഭാരത് വളണ്ടിയർമാർ അണിനിരന്ന പദയാത്ര സംഘടിപ്പിച്ചു. നിയമസഭാ പരിസരത്ത് സംഘടിപ്പിച്ച പൊതുസമ്മേളനത്തിൻറെ ഉദ്ഘാടനം നിർവഹിച്ചുകൊണ്ട് സ്പീക്കർ എ. എൻ. ഷംസീർ ഭരണഘടനയുടെ ആമുഖം വായിച്ചു. നിയമസഭാ ലൈബ്രറിയിൽ സംഘടിപ്പിക്കുന്ന പുസ്തക പ്രദർശനത്തിന്റെ ഉദ്ഘാടനവും സ്പീക്കർ നിർവഹിച്ചു. ഈ മാസം 28 വരെയാണ് പ്രദർശനം.

RNU TVPM

&&&&&&&&&&&&&&&

## ഹെഡ് ലൈൻ - 3

## നവീൻ ബാബു

കണ്ണൂർ എഡിഎം ആയിരുന്ന നവീൻ ബാബുവിൻറെ മരണത്തിൽ സിബിഐ അന്വേഷണം ആവശ്യപ്പെട്ട് നവീൻ ബാബുവിന്റെ ഭാര്യ ഹൈക്കോടതിയിൽ ഹർജി നൽകി . പൊലീസ് അന്വേഷണം തൃപ്തികരമല്ലെന്ന് കുടുംബം ഹർജിയിൽ ആരോപിക്കുന്നു. ആത്മഹത്യ എന്ന പൊലീസ് നിഗമനം മുഖവിലക്കെടുക്കാൻ ആകില്ലെന്നും കൊലപാതകം ആണോയെന്ന് സംശയമുണ്ടെന്നും ഹർജിയിൽ പറയുന്നുണ്ട്. യാത്രയയപ്പ് യോഗത്തിനുശേഷം നവീൻ ബാബുവിനെ കണ്ടത് ആരൊക്കെ എന്ന് അന്വേഷിക്കണം. ഇൻക്വസ്റ്റ് അടക്കമുള്ള

തുടർനടപടികളിൽ പൊലീസിന് വീഴ്ചയുണ്ടായെന്നും, ബന്ധുക്കൾ എത്തുന്നതിനു മുൻപ് നടപടികൾ പൂർത്തിയാക്കിയെന്നും കുടുംബം ആരോപിക്കുന്നു. പ്രതിക്ക് കൃത്രിമ തെളിവ് ഉണ്ടാക്കാൻ അന്വേഷണസംഘം സാഹചര്യമൊരുക്കുന്നതായും ഹർജിയിൽ ആരോപണമുണ്ട്.

&&&&&&&&&&&&&&&

<u>വി ശിവൻകുട്ടി</u>

നെടുങ്കണ്ടത്ത് വിദ്യാർത്ഥിയെക്കൊണ്ട് ഛർദി വാരിപ്പിച്ചെന്ന പരാതിയിൽ അന്വേഷിച്ച് റിപ്പോർട്ട് നൽകാൻ മന്ത്രി വി ശിവൻകുട്ടി പൊതുവിദ്യാഭ്യാസ ഡയറക്ടർക്ക് നിർദേശം നൽകി. തിരുവന്തപുരം നെയ്യാറ്റിൻകര ഗവൺമെന്റ് ബോയ്സ് സ്കൂളിൽ പ്ലസ് ടു വിദ്യാർത്ഥിയെ കൊടിമരത്തിൽ കയറ്റിച്ച സംഭവത്തിലും കാട്ടാക്കട പൂവച്ചൽ വൊക്കേഷണൽ ഹയർ സെക്കൻഡറി സ്കൂളിൽ വിദ്യാർത്ഥികൾ തമ്മിലുണ്ടായ സംഘട്ടനത്തിൽ പ്രഥമാധ്യാപികയ്ക്കും പിടിഎ പ്രസിഡന്റിനും മർദ്ദനമേറ്റ സംഭവത്തിലും റിപ്പോർട്ട് ആവശ്യപ്പെട്ടിട്ടുണ്ട്.

RNU TVPM

&&&&&&&&&&&&&&&

<u>പേപ്പർ ബാലറ്റ്</u>

തിരഞ്ഞെടുപ്പിൽ പേപ്പർ ബാലറ്റ് സമ്പ്രദായം പുനഃസ്ഥാപിക്കണമെന്ന് ആവശ്യപ്പെട്ടുള്ള പൊതുതാത്പര്യ ഹർജി സുപ്രീം കോടതി തള്ളി. ഹർജിക്കാരൻറെ വാദങ്ങളിൽ കഴമ്പില്ലെന്ന് ജസ്റ്റിസുമാരായ വിക്രം നാഥ്, പി ബി വരാലെ എന്നിവർ നിരീക്ഷിച്ചു. തെരഞ്ഞെടുപ്പിൽ വിജയിച്ചാൽ ഇലക്ട്രോണിക് വോട്ടിംഗ് മെഷീനുകളിൽ കൃത്രിമം കാണില്ല എന്നും തോൽക്കുമ്പോൾ മെഷീനിൽ കൈകടത്തൽ ഉണ്ടെന്നും പറയുന്നതിൽ എന്ത് ന്യായമാണുള്ളതെന്നും കോടതി ചോദിച്ചു.

&&&&&&&&&&&&&&&

<u>ഹെഡ് ലൈൻ - 4</u>

<u>വയനാട് (ഇൻട്രോ)</u>

വയനാട് തിരുനെല്ലി കൊല്ലിമൂലയിൽ പൊളിച്ച് നീക്കിയ ആദിവാസി കുടിലുകൾക്ക് പകരമായി വനംവകുപ്പ് പുതിയ കുടിലുകൾ കെട്ടിതുടങ്ങി. വിഷയത്തിൽ മനുഷ്യാവകാശ കമ്മീഷൻ സ്വമേധയാ കേസെടുത്തിട്ടുണ്ട്.
വിശദാംശങ്ങളുമായി ആകാശവാണി വയനാട് ജില്ലാ പ്രതിനിധി അരുൺ വിൻസെൻറ്.
( ഹോൾഡ് വോയ്സ്........)

&&&&&&&&&&&&&&&

## നാട്ടിക അപകടം

നാട്ടിക അപകടത്തിൽ മരണമടഞ്ഞവരുടെ സംസ്കാരച്ചടങ്ങുകൾ ഗോവിന്ദാപുരം ശ്മശാനത്തിൽ അൽപമസമയത്തിനകം നടക്കും. ജില്ലാകളക്ടറടക്കം ഇവിടെ എത്തിച്ചേർന്നിട്ടുണ്ട്. പോസ്റ്റ് മോർട്ടം നടപടി പൂർത്തിയാക്കി മൃതദേഹങ്ങൾ നാട്ടിലെത്തിക്കുന്നതിനുള്ള ക്രമീകരണങ്ങൾ സംസ്ഥാന സർക്കാർ ഒരുക്കിയിരുന്നു. ഇന്ന് പുലർച്ചെയാണ് തടി കയറ്റി വന്ന ലോറി, ഉറങ്ങിക്കിടന്ന നാടോടികൾക്കിടയിലേക്ക് നിയന്ത്രണം വിട്ട് പാഞ്ഞുകയറി രണ്ട് കുട്ടികൾ ഉൾപ്പെടെ 5 പേർ മരിച്ചത്. പരിക്കേറ്റ ഏഴു പേരിൽ രണ്ട് പേരുടെ നില ഗുരുതരമാണ്.

RNU TVPM

&&&&&&&&&&&&&&&

## പന്തീരാങ്കാവ്-കേസ്

കോഴിക്കോട് പന്തീരാങ്കാവ് ഗാർഹിക അതിക്രമ കേസിൽ യുവതിയുടെ ഭർത്താവ് രാഹുലിനെ അറസ്റ്റ് ചെയ്തു. പന്തീരാങ്കാവ് പോലിസാണ് അറസ്റ്റ് രേഖപ്പെടുത്തിയത്.

&&&&&&&&&&&&&&&

## കെ.സുരേന്ദ്രൻ

കേന്ദ്രസർക്കാർ കൊണ്ടുവന്ന വഖഫ് ബില്ലിനെ അനകൂലിക്കാത്ത എം പിമാരുടെ ഓഫീസിലേക്ക് മാർച്ച് നടത്തുമെന്ന് ബിജെപി സംസ്ഥാന അദ്ധ്യക്ഷൻ കെ.സുരേന്ദ്രൻ. വഖഫ് ബോർഡ് അധിനിവേശ വിഷയത്തിൽ

സമരം ശക്തമാക്കുമെന്നും
അദ്ദേഹം കൊച്ചിയിൽ വാർത്താസമ്മേളനത്തിൽ പറഞ്ഞു. തദ്ദേശ തിരഞ്ഞെടുപ്പുമായി ബന്ധപ്പെട്ട വാർഡ് വിഭജനത്തിൽ വ്യാപക ക്രമക്കേട് നടക്കുന്നതായും ശ്രീ കെ. സുരേന്ദ്രൻ ആരോപിച്ചു.

&&&&&&&&&&&&&&&

## കാനനപാത

ഈ മണ്ഡലകാലത്ത് പരമ്പരാഗത കാനനപാത വഴി ശബരിമല ദർശനത്തിനെത്തിയത് 6,598 പേർ . പമ്പയിലേത് പോലെ സ്പോട്ട് ബുക്കിംഗ് സംവിധാനത്തിലൂടെയാണ് ഇവിടെയും തീർത്ഥാടകരെ കടത്തിവിടുന്നത്. കുടിവെള്ളവും അടിയന്തര സേവന സൗകര്യങ്ങളും പാതയിലുടനീളം ഒരുക്കിയിട്ടുണ്ട്. സത്രം, പുല്ലുമേട് വഴിയുള്ള തീർത്ഥാടകരുടെ യാത്രയ്ക്ക് വനംവകുപ്പാണ് സൗകര്യങ്ങൾ ഒരുക്കുന്നത്.

&&&&&&&&&&&&&&&

## സംഗീതോത്സവം ഇന്ന് വൈകീട്ട് തിരിതെളിയും

ഗുരുവായൂർ ഏകാദശിയുടെ ഭാഗമായുള്ള ചെമ്പൈ സംഗീതോത്സവത്തിന് ഇന്ന് തുടക്കം. 15 ദിനരാത്രങ്ങളെ സംഗീതസാന്ദ്രമാക്കുന്ന ചെമ്പൈ സംഗീതോത്സവമാരംഭിച്ചിട്ട് അമ്പതാമത്തെ വർഷമാണിത്. രാവിലെ ആറിന് തുടങ്ങി രാത്രി 12 വരെ നീണ്ടുനിൽക്കുന്ന സംഗീതാർച്ചനകൾക്കും നാളെ തുടക്കമാകും.

&&&&&&&&&&&&&&&

## ഹജ്ജ്

ഹജ്ജിന് ആദ്യ ഘട്ടത്തിൽ തിരഞ്ഞെടുക്കപ്പെട്ട് രേഖകൾ സമർപ്പിച്ചവർ രണ്ടാം ഗഡു തുകയായ ഒരു ലക്ഷത്തി 42,000 രൂപ അടുത്തമാസം 16 നകം അടക്കണമെന്ന് കേന്ദ്ര ഹജ്ജ് കമ്മിറ്റി അറിയിച്ചു. അടുത്ത വർഷത്തെ ഹജ്ജ് കർമ്മത്തിന് കേരള സംസ്ഥാന ഹജ്ജ് കമ്മിറ്റി മുഖേന അപേക്ഷിച്ച് വെയ്റ്റിംഗ് ലിസ്റ്റിലുൾപ്പെട്ട ക്രമനമ്പർ 1 മുതൽ 1711 വരെയുള്ള അപേക്ഷകർക്ക്

RNU TVPM

കൂടി  അവസരം ലഭിച്ചതായും ഹജ്ജ് കമ്മിറ്റി അറിയിച്ചു. വെയ്റ്റിംഗ് ലിസ്റ്റിൽ നിന്നും തിരഞ്ഞെടുക്കപ്പെട്ടവർ ഡിസംബർ 16ന് മുമ്പായി ആദ്യ ഗഡുവും രണ്ടാം ഗഡുവും ഉൾപ്പെടെ 2 ലക്ഷത്തി72,300 രൂപ അടക്കണമെന്നും അറിയിച്ചിട്ടുണ്ട്.

&&&&&&&&&&&&&&&

## അഖില ഭാരതീയ പൂർവ്വ സൈനിക സേവ പരിഷത്ത്

അഖില ഭാരതീയ പൂർവ്വ സൈനിക സേവ പരിഷത്ത് ഓൾ ഇന്ത്യാ ജനറൽ ബോഡി യോഗം ഈ മാസം 29 ന് കണ്ണൂരിൽ ആരംഭിക്കും.  ഗവർണർ ആരിഫ് മുഹമ്മദ് ഖാൻ ഈ മാസം 30 ന് യോഗത്തിൽ  പങ്കെടുക്കും. കേന്ദ്രമന്ത്രിയും മുതിർന്ന ബിജെപി നേതാവുമായ രാജ്നാഥ് സിംഗ്, ഡിസംബർ ഒന്നിന് നടക്കുന്ന പരിപാടിയിൽ മുഖ്യാതിഥിയാകും.

&&&&&&&&&&&&&&&

## ഹെഡ് ലൈൻ - 5

### മഴ

സംസ്ഥാനത്ത് ഒറ്റപ്പെട്ട ശക്തമായ മഴയ്ക്ക് സാധ്യതയെന്ന് കേന്ദ്ര കാലാവസ്ഥാ വകുപ്പ്. ഇന്ന് തിരുവനന്തപുരം, കൊല്ലം,  പത്തനംതിട്ട,  എറണാകുളം, ഇടുക്കി, തൃശൂർ,  പാലക്കാട്,  മലപ്പുറം ജില്ലകളിൽ മഞ്ഞ ജാഗ്രത പ്രഖ്യാപിച്ചു. കേരള തീരത്ത് വെള്ളിയാഴ്ച വരെ മത്സ്യബന്ധനത്തിന് വിലക്കേർപ്പെടുത്തി. തമിഴ്നാട് തീരത്തും, ആന്ധ്രാപ്രദേശ് തീരത്തും  ശക്തമായ കാറ്റിനും മോശം കാലാവസ്ഥയ്ക്കും സാധ്യതയുള്ളതിനാൽ ജാഗ്രത പാലിക്കണം.

&&&&&&&&&&&&&&&

&&&&&&&&&&&

&&&&&&&&&&

RNU TVPM